പതിനാലാം കേരള നിയമസഭ

10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 850

28.02.2018-ൽ മറുപടിയ്ക്ക്

## എക്സൈസ് പരിശോധന കേന്ദ്രങ്ങൾ ആധുനികവത്കരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ : | ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) മയക്കമരുന്ന് ഉപയോഗം വർദ്ധിക്കുന്ന സാഹചര്യത്തിൽ, ഇവയുടെ വിപണനം തടയാൻ എന്തൊക്കെനടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ ; | (എ) നിയമവിരുദ്ധവും നിരോധിക്കപ്പെട്ടതുമായ ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തികൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയും മയക്കമരുന്നിന്റെ ഉപഭോഗവും വിതരണവും തടയുന്നതിന് ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി അയൽ സംസ്ഥാനങ്ങളിൽനിന്നും നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന |

പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ് നാട്, കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെൻറ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തി വരുന്നു.

കൂടാതെ അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പെട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തിയും, എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നുണ്ട്. ചെക്ക് പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിലും അതോടൊപ്പം ദേശീയപാതകളിലും വാഹനപരിശോധന കർശനമാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ ഭാഗമായി എക്സൈസ് പരിശോധന കേന്ദ്രങ്ങൾ ആധുനികവത്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ; | (ബി) | ഉണ്ട്. |
| (സി) | ആയതിന്റെ ഭാഗമായി എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | മയക്കമരുന്നിന്റെ ഉപയോഗവും വിപണനവും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അത്തരം കേസുകൾ വേഗം കണ്ടെത്തി കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നതിന് കേന്ദ്ര നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയുമായി ബന്ധപ്പെട്ട് ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകൾ ലഭ്യമാക്കി ഫീൽഡ് ഓഫീസുകൾക്ക് വിതരണം ചെയ്തു വരുന്നു. സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്നതിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ കേരളത്തിലെ 14 ചെക്ക് പോസ്റ്റുകളിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ബാക്കിയുള്ള എല്ലാ ചെക്ക് പോസ്റ്റുകളിലും സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ വേഗത്തിൽ കൈമാറുന്നതിനും ഉദ്യോഗസ്ഥർ തമ്മിലുള്ള ആശയവിനിമയം സുഗമമാക്കി എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും വയർലെസ് സിസ്റ്റം |

സ്ഥാപിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 2 കോടി രൂപ അനുവദിക്കുകയും ആയത് നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ച് വരുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ.